**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ക്ളിപ്തം**
**ചലച്ചിത്ര കലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം-695 014**
**ഫോൺ: 0471-2325325, 2321586**
**e-mail:ksfdc.asianetindia.com, website:www.ksfdc.in**

No.183 /T1/19/KSFDC തീയതി: 29.08.2019

## ദർഘാസ് പരസ്യം

ചേർത്തല, നോർത്ത് പറവൂർ കൈരളി/ശ്രീ തീയേറ്ററുകളിൽ ക്ലീനിംഗ് ജോലികൾ കരാർ വ്യസ്ഥയിൽ ഏറ്റെടുത്ത് നടത്താൻ താൽപ്പര്യമുള്ള ഹൗസ് കീപ്പിംഗ് ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

ചേർത്തല, വടക്കൻ പറവൂർ തിയേറ്ററുകൾക്കു പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

നോർത്ത് പറവൂർ കൈരളിയിൽ ഒറ്റ ക്ലാസ്സിൽ 338 സീറ്റും ശ്രീയിൽ ഒറ്റ ക്ലാസ്സിൽ 245 സീറ്റും ചേർത്തല കൈരളിയിൽ ഒറ്റക്ലാസ്സിൽ 388 ശ്രീയിൽ ഒറ്റ ക്ളാസ്സിൽ 262 സീറ്റും ഉണ്ട്. ഒരു തീയേറ്റർ കോംപ്ലക്സിൽ മൊത്തം 4 ടോയ്‌ലറ്റുകളും അനുബന്ധ യൂറിനലുകളും ഉണ്ട്.

**ചെയ്യേണ്ട ജോലികൾ (SCHEDULE OF CLEANING JOBS TO BE ATTENDED)**

1) ചേർത്തല, നോർത്ത് പറവൂർ കൈരളി, ശ്രീ തിയേറ്ററുകളിലാണ് ക്ളീനിംഗ് സേവനം ആവശ്യമുള്ളത്. സമാനസ്ഥാപനങ്ങളിൽ (തിയേറ്ററുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ) ഈ രംഗത്ത് മൂന്ന് വർഷത്തിൽ കുറയാത്ത സേവന പരിചയം ഉള്ളവർ മാത്രം ടെൻഡർ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ടെണ്ടറിനോടൊപ്പം പ്രവർത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

2) ചേർത്തല, നോർത്ത് പറവൂർ കൈരളി/ശ്രീ, തിയേറ്ററുകളിലെ ലോബി,കാബിൻ, മുൻവശം, പാർക്കിംഗ് ഏരിയ, എന്നിവിടങ്ങളിലെ ചപ്പുചവറുകൾ, മാലിന്യങ്ങൾ എന്നിവ ഓരോ ഷോയ്ക്ക് മുൻപും പിൻപും തുത്തുവൃത്തിയാക്കുക. ഓഡിറ്റോറിയത്തിൽ ഒരോ പ്രദർശനത്തിനുശേഷവും ചപ്പുചവറുകൾ, പ്ലാസ്റ്റിക്, ഭക്ഷണ അവശിഷ്ടം എന്നിവ നീക്കം ചെയ്യുന്നതുൾപ്പെടെ അത്യാവശ്യം വേണ്ടി വരുന്ന ക്ലീനിംഗ് ജോലികൾ നടത്തുക. തിയേറ്റർ ലോബി എല്ലാ ദിവസവും രാവിലെ

9.30–ന് മുൻപും മാറ്റിനി ഷോ ക്ലോസ് ചെയ്തതിനുശേഷവും തുത്തുവാരി മേൽത്തരം ക്ലീനിംഗ് സാമഗ്രികൾ ഉപയോഗിച്ചു വൃത്തിയാക്കുക.

3) **ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസികളുടെ ടെണ്ടർ രണ്ട് കവറുകൾ ഉൾപ്പെട്ടതായിരിക്കണം. കവർ ഒന്നിൽ ഏജൻസിയുടെ യോഗ്യതകളും കവർ രണ്ടിൽ ഓഫർ ചെയ്യുന്ന തുകയുമായിരിക്കണം. കവർ ഒന്ന് തുറന്ന് പരിശോധിച്ച് തൃപ്തികരമെങ്കിൽ മാത്രമേ കവർ രണ്ട് തുറന്ന് പരിശോധിക്കുകയുള്ളു. പ്രിക്വാളിഫിക്കേഷൻ വെയിറ്റേജും ടെണ്ടർ തുകയുടെ വെയിറ്റേജുകളും ചേർത്തുവച്ചാവും ടെണ്ടറുകൾ വിലയിരുത്തി തീരുമാനം എടുക്കുക.**

4) ടി രണ്ടു തിയേറ്ററുകളും സമാനമായ സ്വഭാവരീതിയിലുള്ള തിയേറ്ററുകളാണ്. ആയതിനാൽ ഒരു തിയേറ്ററിലെ ശുചീകരണ പ്രവർത്തികൾക്ക് താങ്കൾ നല്കുവാൻ ഉദ്ദേശിക്കുന്ന തുക ക്വാട്ട് ചെയ്യേണ്ടതാണ്. ഓഫറിന്റെ അടിസ്ഥാനത്തിൽ രണ്ട് തിയേറ്ററുകളുടേയും കരാർ നല്കുന്നതായിരിക്കും.

**പ്രിക്വാളിഫിക്കേഷൻ നിബന്ധനകൾ ഇവയാണ്.**

i) കുറഞ്ഞത് 3 വർഷം മാളുകൾ, മൾട്ടിപ്ളക്സുകൾ, വാണിജ്യസമുച്ചയങ്ങൾ തുടങ്ങിയവയിൽ ക്ളീനിംഗ് സേവനം നല്കിയിരിക്കണം.

ii) ഇപ്പോൾ കുറഞ്ഞത് 3 സമാന സ്ഥാപനങ്ങളിലെങ്കിലും ക്ളീനിംഗ് സേവനം അർപ്പിച്ചു കൊണ്ടിരിക്കുന്നവരായിരിക്കണം.

5) **ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസി സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള കൂലി വ്യവസ്ഥ അംഗീകരിക്കേണ്ടതാണ്. അതോടൊപ്പം ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസിക്ക് ESI PF രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. ജീവനക്കാരുടെ PF, ESI രജിസ്ട്രേഷൻ ലിസ്റ്റും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.**

6) കെ.എസ്.എഫ്.ഡി.സി.യുടെ വിവിധ യൂണിറ്റുകളിൽ കരാർ കാലാവധിക്കുള്ളിൽ തൃപ്തികരമായ സേവനം നല്കാത്തതിനാൽ സേവനം അവസാനിപ്പിച്ച ഏജൻസികളുടെ ടെണ്ടർ പരിഗണിക്കുന്നതല്ല.

7) ഓരോ പ്രദർശനത്തിനുശേഷവും ഓഡിറ്റോറിയത്തിനുള്ളിലെ ഭക്ഷണ അവശിഷ്ടങ്ങൾ, കുപ്പി, മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുക.

8) ടോയ്‌ലറ്റുകൾ, യൂറിനലുകൾ, വാഷ്ബേസിനുകൾ എന്നിവ മേൽത്തരം ക്ലീനിംഗ് സാമഗ്രികൾ ഉപയോഗിച്ചു ഓരോ പ്രദർശനത്തിനു മുൻപും പിൻപും ഇടവേളകളിലും വൃത്തിയാക്കുക. എല്ലാ ടോയ്‌ലറ്റുകളിലും സദാസമയവും ക്ലീനിംഗ് ഉറപ്പുവരുത്താൻ വേണ്ട ക്ലീനിംഗ് ജോലിക്കാരെ ലഭ്യമാക്കണം. തുടർച്ചയായ ക്ലീനിംഗ് (continuous cleaning)

ടോയ്ലറ്റുകളിൽ ഉറപ്പു വരുത്തണം. ഒരു സമയത്തും ടോയ്ലറ്റുകളിൽ നിന്നും ദുർഗന്ധം ഉണ്ടാവില്ലായെന്നുറപ്പാക്കണം.

9) തിയേറ്റർ ഓഡിറ്റോറിയത്തിലെയും മറ്റ് സ്ഥലങ്ങളിലെയും മാറാല അപ്പപ്പോൾ നീക്കം ചെയ്യുക.

10). എല്ലാ വശങ്ങളിലെയും ഗ്ലാസ്സുകൾ ഗ്ലാസ്സ് ക്ലീനിംഗ് സാമഗ്രി ഉപയോഗിച്ച് ദിവസത്തിൽ ഒരു തവണയെങ്കിലും വൃത്തിയാക്കിയിരിക്കണം. ലോബികളിലെ ഗ്ലാസ്സ് ഡോറുകൾ ദിവസ ത്തിൽ ആദ്യ പ്രദർശനത്തിന് മുമ്പും മാറ്റിനിയ്ക്കുശേഷവും ഗ്ലാസ്സ് ക്ലീനറുകൾ ഉപയോഗിച്ച് വൃത്തിയാക്കണം.

11. തിയേറ്ററുകളിലെ ചെയറുകൾ ഫാബ്രിക് ക്ലിനിംഗ് രീതികൾ അവലംബിച്ച് ആഴ്ചയിൽ ഒരിക്കൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കണം. ഇതിനായി അധുനിക സൗകര്യങ്ങൾ ഉപയോഗിക്കണം.

12. ഓരോ ആഴ്ചയും പെസ്റ്റ് കൺട്രോൾ രീതി അവലംബിച്ച് പ്രാണി-കീട-എലി- ശല്യങ്ങ ളിൽ നിന്നും തിയേറ്ററുകൾക്ക് സുരക്ഷ നൽകണം.

13. ആഴ്ചയിലൊരിക്കൽ അണുനാശിനികൾ തളിച്ച് തിയേറ്ററും പരസരവും അണുവിമുക്ത മാക്കണം.

14. മുകളിൽ പറഞ്ഞ സ്ഥലങ്ങൾ കൂടാതെയുള്ള യാർഡ് സ്ഥലങ്ങൾ ദിവസേന രാവിലെ തുത്തുവാരി വൃത്തിയാക്കേണ്ടതാണ്.

15.തിയേറ്ററിലെയും ലോബിയിലെയും ചവറുകളും അവശിഷ്ടങ്ങളും തരം തിരിച്ച് (പ്ലാസ്റ്റിക്, ജൈവമാലിന്യങ്ങൾ) മൂടിയുള്ള കണ്ടയിനറുകളിൽ ശേഖരിച്ച് അപ്പപ്പോൾ നീക്കം ചെയ്യേതാണ്. ടി മാലിന്യങ്ങൽ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യണം. നഗര സഭയുടെ സൗകര്യത്തിൽ കൂടി നിർമാർജ്ജനം ചെയ്യുകയോ അതു സാധ്യമാകാത്ത സമ യത്ത് പ്രത്യേക നിർമാർജ്ജന സംവിധാനം ഒരുക്കുകയോ വേണം.

16. എ.സി. പ്ലാന്റ്റൂം, ഇലക്ട്രിക് റൂം, എന്നിവിടങ്ങളിലും എല്ലാ ദിവസവും ക്ലിനിംഗ് ഉറപ്പാ ക്കണം. പ്രൊജക്ഷൻ ക്യാബിൻ ഓരോ ഷോയ്ക്കു മുൻപും ക്ലീൻ ചെയ്യണം.

17. ക്ളീനിംഗ് ജോലികൾ രാവിലെ 8 മണിക്ക് തുടങ്ങേണ്ടതും അവസാന ഷോ തീരുന്നതു വരെ തുടർച്ചയായി നടത്തേണ്ടതുമാണ്.

18.ആഡിറ്റോറിയത്തിൽ നിന്നോ തിയേറ്റർ കോമ്പൗണ്ടിൽ നിന്നോ കളഞ്ഞു കിട്ടുന്ന പ്രേക്ഷ കരുടെ വസ്തുവകകൾ അപ്പപ്പോൾ തന്നെ തിയേറ്റർ മാനേജരെ ഏല്പിക്കേണ്ടതാണ്. ആയത് യഥാർത്ഥ ഉടമസ്ഥന് നൽകുന്നതിന് മാനേജമെന്റിനെ സഹായിക്കേണ്ടതുമാണ്.

<u>വ്യവസ്ഥകൾ</u>

1.. ടെണ്ടറുകൾ സമർപ്പിക്കുന്നതിനു മുൻപ് ടി തിയേറ്റർ സന്ദർശിച്ച് ജോലികളുടെ അളവും സ്വഭാവവും ടെണ്ടറർ മനസ്സിലാക്കേതാണ്.

2. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനം കഴിഞ്ഞ മൂന്നു വർഷം എങ്കിലും ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചിട്ടുള്ളവരും ഇപ്പോൾ തിയേറ്ററുകൾ മൾട്ടിപ്ളക്സ്, ഷോപ്പിംഗ് മാളുകൾ ഇത്യാദിയിൽ ക്ലിനിംഗ് ജോലികൾ ഏറ്റെടുത്ത് ചെയ്തു കൊണ്ടിരിക്കുന്നവരുമാകണം. ഇതിന്റെ രേഖാമൂലമുള്ള തെളിവുകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കണം.

3.ക്ലീനിംഗിനുള്ള ആധുനിക യന്ത്രസംവിധാനങ്ങൾ ഉണ്ടായിരിക്കണം

4. തിയേറ്ററുകളിൽ രാത്രിയിലെ അവസാന പ്രദർശനം കഴിഞ്ഞതിനു ശേഷവും ഓഡിറ്റോറിയം വൃത്തിയാക്കേണ്ടതാണ്. ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടം കിടന്ന് എലി ശല്യം ഉണ്ടാകാതിരിക്കാൻ ഇത് ആവശ്യമാണ്.

5.കരാർ ലഭിക്കുന്ന ഏജൻസികൾ നിയോഗിക്കുന്ന തൊഴിലാളികളുടെ തൊഴിൽപരമായ പൂർണ ഉത്തരവാദിത്തം കരാർ ഏജൻസിക്ക് മാത്രമായിരിക്കുന്നതാണ്. തൊഴിലാളികളും മാനേജ്മെന്റുമായി യാതൊരുവിധ തൊഴിലാളി-തൊഴിലുടമ ബന്ധവും ഉായിരിക്കുന്നതല്ല. തൊഴിലാളികൾക്ക് യൂണിഫോമും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഏജൻസി നൽകേണ്ടതും തൊഴിലാളികൾ അവ ധരിച്ച് തൊഴിൽ ചെയ്യുന്നു എന്നുറപ്പിക്കേണ്ടതുമാണ്.

6. ക്ളീനിംഗിന് ആവശ്യമായ മെറ്റീരിയലുകൾ, യന്ത്രസംവിധാനങ്ങൾ എന്നിവ കരാർ എടുക്കുന്ന ഏജൻസി തന്നെ സ്വന്തം നിലയിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഏറ്റവും ഗുണമേന്മയുള്ള മെറ്റീരിയലുകൾ ഉപയോഗിച്ച് ക്ളീനിംഗ് നടത്തേണ്ടതാണ്.

7. ക്ളീനിംഗ് കാര്യങ്ങളിൽ തിയേറ്റർ മാനേജർ അപ്പപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾ തൊഴിലാളികൾ അനുസരിക്കേണ്ടതാണ്. തിയേറ്ററിൽ വരുന്ന പ്രേക്ഷകരുമായി അങ്ങേയറ്റം സൗഹൃദപരമായി തൊഴിലാളികൾ പെരുമാറുന്നു എന്നുറപ്പാക്കണം. തിയേറ്ററിന്റെ സൽപ്പേരിനു കളങ്കം വരുത്തുന്ന രീതിയിലും തൃപ്തികരമല്ലാതെയും പ്രവർത്തിക്കുന്ന ക്ലീനിംഗ് തൊഴിലാളികളെ ജോലിയിൽ നിന്ന് മാറ്റി നിറുത്തുവാൻ കരാർ ഉടമ ബാധ്യസ്ഥനാണ്.

8. മേൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി ക്ളീനിംഗ് ജോലികൾ കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് നികുതികൾ ഉൾപ്പെടെ പ്രതിമാസം നൽകേണ്ട പരമാവധി തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്. ടെണ്ടറർ മുഴുവൻ ടെണ്ടർ ഫോമും എല്ലാ പേജിലും ഒപ്പിട്ട് സീലു വച്ച് സമർപ്പിക്കേണ്ടതാണ്.

9. നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ ടെണ്ടറുകൾ മുദ്ര വെച്ച കവറിൽ, ക്ലീനിംഗ് കൈരളി/ശ്രീ നോർത്ത് പറവൂർ എന്നെഴുതി 20.09.2017 പകൽ 3 മണിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, വഴുതക്കാട്, തിരുവനന്തപുരം-695014 എന്ന മേൽ വിലാസത്തിൽ എത്തിച്ചിരിക്കേതാണ്. ടെണ്ട

റിനോടൊപ്പം 20,000/-രൂപ (ഇരുപതിനായിരം രൂപ) നിരതദ്രവ്യമായി (ക്യാഷ്/ഡി.ഡി) അടക്കണം. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻെറ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായിട്ടാണ് നിരതദ്രവ്യം അടക്കേണ്ടതാണ്.

10. ടെണ്ടറുകൾ 20.9.2019 -ന് ഉച്ചയ്ക്കുശേഷം 3.30 മണിക്ക് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

11. കരാർ ലഭിക്കുന്ന ഏജൻസിയുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റായി കണക്കാക്കുന്നതാണ്. ഈ തുക കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയതിനുശേഷം തിയേറ്ററിന് ലഭിക്കാനുള്ള തുകയുണ്ടങ്കിൽ തട്ടികിഴിച്ച് പലിശരഹിതമായി തിരികെ നല്കുന്നതാണ്.

12. കരാർ ലഭിക്കുന്ന ഏജൻസി ഇരുന്നൂറ് രൂപ മുദ്രപത്രത്തിൽ ബന്ധപ്പെട്ട തിയേറ്റർ മാനേജരുമായി വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച കരാർ ഒപ്പു വയ്ക്കേണ്ടതും നിശ്ചിത തീയതി മുതൽ ക്ളീനിംഗ് ജോലികൾ ആരംഭിക്കേണ്ടതുമാണ്.

13. കരാർ കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. ഇക്കാലയളവിൽ ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് കണ്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി സേവനം അവസാനിപ്പിക്കുന്നതാണ്. എന്നാൽ അടിയന്തിര സാഹചര്യ**ത്തിൽ** നോട്ടീസ് കാലാവധി ഒരാഴ്ചയായി ചുരുക്കാൻ മാനേജുമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഒരു മാസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ ഏജൻസിക്കും അവകാശമുണ്ടായിരിക്കും.

14. ഓരോ മാസത്തേയും കരാർ തുക കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ജോലികൾ ചെയ്തുവെന്ന് ഉറപ്പ് വരുത്തുന്നതിനുവേണ്ടി തീയേറ്ററിൽ സൂക്ഷിച്ചിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ഡ്യൂട്ടി ഷീറ്റിന്റെ പകർപ്പ് സഹിതം തീയേറ്റർ മാനേജരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകുന്നതായിരിക്കും.

15. ഏതൊരു ടെണ്ടറും കാരണമൊന്നും കാണിക്കാതെ നിരസിക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

16. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന തർക്കങ്ങളിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

<u>17. പ്രത്യേക നിബന്ധനകൾ</u>

1. തിയേറ്ററുകളിലെ മാലിന്യങ്ങൾ, അവശിഷ്ടങ്ങൾ എന്നിവ യഥാസമയം ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. മാലിന്യ/അവശിഷ്ട നിർമാർജ്ജനത്തിനുള്ള രീതികൾ കരാറുകാരൻ സമർപ്പിക്കണം.

2. ഉപയോഗിക്കുന്ന ക്ലീനിംഗ് സാമഗ്രികൾ, യന്ത്രസാമഗ്രികൾ എന്നിവ സംബന്ധിച്ച് സമ്പൂർണ്ണ വിവരണം കരാറുകാരൻ ടെണ്ടറിനൊപ്പം സമർപ്പിക്കണം.

18) ചെക്ക്ലിസ്റ്റ്

കവർ ഒന്ന് i) യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ, ഇ.എം.ഡി., ടെണ്ടർ ഫോം ഫീസ് വിവരങ്ങൾ

ii) ഇപ്പോൾ സേവനം നല്കികൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ.

iii) ക്ളീനിംഗ് സേവനത്തിനുള്ള (അധികാരികളിൽ നിന്ന്) രജിസ്ട്രേഷന്റെ പകർപ്പ്.

iv) ഇ.എസ്.ഐ., പി.എഫ്., രജിസ്ട്രേഷൻ പകർപ്പുകൾ, അവസാന മാസം ഇ.എസ്.ഐ, പി.എഫ്. വിഹിതം അടച്ചതിന്റെ രേഖകളും.

v) പേ റോളിലുള്ള ജീവനക്കാരുടെ പട്ടിക

കവർ രണ്ട് - ടെണ്ടർ ഫാറം

**മാനേജിംഗ് ഡയറക്ടർ**

**<u>ടെണ്ടർ ഷെഡ്യൂൾ</u>**

| | | |
|---|---|---|
| 1) ഐറ്റം | : | ചേർത്തല, നോർത്ത് പറവൂർ കൈരളി/ശ്രീ, തിയേറ്ററിലെ ക്ലീനിംഗ് ജോലികൾ |
| 2) ടെണ്ടർ ഫാറത്തിന്റെ വില | : | 1500/- രൂപ + 18 % ജി.എസ്.റ്റി.+1% സെസ്സ് |
| 3) നിരതദ്രവ്യം | : | 20,000/-രൂപ (രൂപ ഇരുപതിനായിരം മാത്രം) |
| 4) കരാർ കാലാവധി | : | കരാർ തീയതി മുതൽ ഒരു വർഷം |
| 5) ടെണ്ടർ ഫോം വിൽക്കുന്ന സമയപരിധി | : | **20 .09.19 ഉച്ചയ്ക്ക് 12 മണിവരെ** |
| 6)ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന ദിവസം | : | **20.09.19 ഉച്ചയ്ക്കുശേഷം 3 മണി** |
| 7) ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നത് | : | **20.09.19 ഉച്ചയ്ക്കുശേഷം 3.30 മണിവരെ** |
| **8)** ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം | : | മാനേജിംഗ് ഡയറക്ടർ<br>ചലച്ചിത്ര കലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം |

ഒപ്പ്
**മാനേജിംഗ് ഡയറക്ടർ**

*ടെണ്ടർ ഫോം വെബ്സൈറ്റായ www.ksfdc.in-ൽ നിന്നും ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. അത്തരം അവസരത്തിൽ ടെണ്ടർ ഫോറത്തിന്റെ വില ഡി.ഡിയായി തിരുവനന്തപുരത്ത് കെ.എസ്.എഫ്.ഡി.സി.യുടെ പേരിൽ മാറാവുന്ന വിധത്തിൽ (പ്രത്യേകമായി) സമർപ്പിക്കണം.

## ടെണ്ടർ ഫോറം

## (കവർ രണ്ട്)

1. ഏജൻസിയുടെ/സ്ഥാപനത്തിന്റെ പൂർണ്ണമായ പേരും മേൽവിലാസവും :

2. ടെലഫോൺ നമ്പർ/മൊബൈൽ നമ്പർ :
*
3. മുൻപരിചയത്തിന്റെ വിശദാംശം :

4. ഇപ്പോൾ ഹൗസ് കീപ്പിംഗ് ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനങ്ങൾ :

5. ടെണ്ടർ ഫാറത്തിന്റെ വില അടച്ച തിന്റെ വിശദാംശം :

6. നിരതദ്രവ്യം അടച്ചതിന്റെ വിശദാംശം :

7. ഏത് തിയേറ്ററിലെ ക്ലീനിംഗിനാണ് ടെൻഡർ സമർപ്പിക്കുന്നത് : കൈരളി/ ശ്രീ തീയേറ്റർ നോർത്ത് പറവൂർ/ചേർത്തല

   (√ ) ചെയ്യുക.

8. ആവശ്യപ്പെടുന്ന പ്രതിമാസ കരാർ തുക (മെറ്റീരിയൽസ്, യന്ത്രസാമഗ്രികൾ ലേബർ, നികുതി എന്നിവ ഉൾപ്പെടെ) (അക്കത്തിലും അക്ഷരത്തിലും)
*  :
9. ക്ലീനിംഗിന് ഉപയോഗിക്കുന്ന സാമഗ്രികൾ, യന്ത്രങ്ങൾ എന്നിവയുടെ വിവരങ്ങൾ
*
10. തിയേറ്ററിലെ അവശിഷ്ടങ്ങൾ ശേഖരിച്ച് നിർമാർജ്ജനം ചെയ്യാനുദ്ദേശിക്കുന്ന രീതികൾ :

വ്യവസ്ഥകൾ എല്ലാം വായിച്ച് മനസ്സിലാക്കി, അവ പൂർണ്ണമായി പാലിച്ചു കൊള്ളാമെന്ന് സമ്മതിച്ചു കൊള്ളുന്നു.

തീയതി:

ഒപ്പ്:
പേര്:
മേൽവിലാസം:

* ആവശ്യമെങ്കിൽ പ്രത്യേകം പേപ്പറിൽ ഈ വിവരങ്ങൾ നൽകാം